**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1919** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഹരിപ്പാട് പാസഞ്ചേഴ്സ് ഫോറം നൽകിയിട്ടുള്ള നിവേദനങ്ങളിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര സർവ്വീസുകൾ ഇതിന്റെ ഫലമായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഏതെല്ലാം സർവ്വീസുകൾ ആരംഭിക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും അറിയിക്കാമോ; | (എ) | ഹരിപ്പാട് പാസഞ്ചർ ഫോറം എം.എൽ.എ. മുഖാന്തരം നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ട പ്രകാരം ഹരിപ്പാട് ഡിപ്പോയിൽ നിന്നും 05.40-ന് കോഴിക്കോട് സർവീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 08.00 മണി കെ.വി ജെട്ടി, 05.15 മണി ആയപറമ്പ് - തിരുവനന്തപുരം, 09.00 മണി ആയപറമ്പ്, 08.00 മണി വഴുതാനം എന്നീ സർവീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ ഹരിപ്പാട് നിന്നും പരപ്പ, കോഴിക്കോട്, കട്ടപ്പന എന്നിവിടങ്ങളിലേയ്ക്ക് സർവീസ് ആരംഭിക്കുന്നതിനാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. ഇത് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഡിപ്പോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ ട്രിപ്പുകൾ ആരംഭിക്കുന്നതിനും സഹായകരമായ രീതിയിൽ ഇവിടേക്ക് കൂടുതൽ ജീവനക്കാരേയും ബസ്സുകളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഹരിപ്പാട് ഡിപ്പോയിൽ നിന്ന് പുതിയ സർവീസുകൾ / ട്രിപ്പുകൾ ആരംഭിക്കുന്നതിന് സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ